**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1115. 30.11.2018 ൽ മറുപടിയ്ക്ക്**

**മദ്യനയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാലയങ്ങളുടെയും ആരാധനാലയങ്ങളുടെയും ഇരുന്നൂറ് മീറ്റർ ചുറ്റളവിനുള്ളിൽ മദ്യശാലകൾ പാടില്ലെന്ന നിബന്ധനയിൽ ഈ സർക്കാർ എന്ത് ഇളവാണ് അനുവദിച്ചത്; അതിനുള്ള പ്രത്യേക കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ; | (എ) | 25/10/2017 ലെ ജി.ഒ.(പി) നം.126/2017/നി.വ. പ്രകാരം, 4 സ്റ്റാർ, 5 സ്റ്റാർ, 5 സ്റ്റാർ ഡീലക്സ്, ഹെറിറ്റേജ് വിഭാഗം ഹോട്ടലുകൾക്ക് വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ എന്നിവയിൽ നിന്നുമുള്ള ദൂരപരിധി 17/04/2012 വരെ നിലവിലുണ്ടായിരുന്ന പ്രകാരമുള്ള 50 മീറ്ററായി പുനസ്ഥാപിച്ച് ചട്ടഭേദഗതി വരുത്തിയിട്ടുണ്ട്. മുൻപ് നിലവിലുണ്ടായിരുന്ന ദൂരപരിധി പുനസ്ഥാപിക്കണമെന്ന ആവശ്യം പരിഗണിച്ചാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. |
| (ബി) | ഈ സർക്കാർ നിലവിൽ വന്നശേഷം ത്രീ സ്റ്റാറും അതിന് മുകളിലുമുള്ള എല്ലാ ഹോട്ടലുകൾക്കും ബാർ ലൈസൻസ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ എത്ര പുതിയ ബാറുകൾക്കാണ് ലൈസൻസ് നൽകിയതെന്ന് അറിയിക്കുമോ; | (ബി) | പുതിയ അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ ത്രീ സ്റ്റാർ പദവിയും അതിന് മുകളിൽ സ്റ്റാർ പദവിയുമുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നതിന് തിരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള 121 ഹോട്ടലുകൾക്ക് പുതുതായി എഫ്.എൽ.3 ലൈസൻസ് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നടപടികൾ മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാൻ എപ്രകാരം സഹായകമാകുമെന്ന് വ്യക്തമാക്കുമോ? | (സി) | മദ്യനിരോധനമോ, മദ്യഷാപ്പുകൾ അടച്ചുപൂട്ടുകയോ അല്ല ഈ സർക്കാരിന്റെ മദ്യനയത്തിലൂടെ ഉദ്ദേശിക്കുന്നത്. മദ്യവർജ്ജനത്തിലൂടെ മദ്യ ഉപഭോഗം കുറയ്ക്കുക എന്നതാണ് സർക്കാർ |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിടുന്നത്. ആയതിന് സഹായകരമാകുന്ന തരത്തിൽ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ അംഗീകൃത മദ്യം മാത്രമേ വിൽപ്പന നടത്തുന്നുള്ളൂ എന്നത് ഉറപ്പാക്കുക കൂടി ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**